"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ - വിവിധ ശീർഷകങ്ങളിൽ അധിക തുക അനുവദിക്കുന്നത് - സംബന്ധിച്ച്.

---

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2225/2024/LSGD തീയതി,തിരുവനന്തപുരം, 16-11-2024

---

പരാമർശം:- 1. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ കാര്യാലയം സെക്രട്ടറിയുടെ 21/06/2024 തീയതിയിലെ 812/TLSGIs/2024 നമ്പർ കത്ത്.

2. സ.ഉ.(സാധാ) നം. 7135/2024/ധന തീയതി 25/9/2024

**ഉത്തരവ്**

തിരുവനന്തപുരം ജില്ലാ കളക്ടറുടെ 27.11.2022 ലെ DCTVM/10153/2022-A15 നമ്പർ നടപടിക്രമം പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണലായി സേവനമനുഷ്ഠിക്കുന്ന ശ്രീമതി ലില്ലി.കെ യുടെ വീട്ടുവാടക പ്രതിമാസം 30,000/- രൂപ നിരക്കിൽ നിശ്ചയിച്ച് ഉത്തരവായിട്ടുള്ളതാണെന്നും '2015-00-101-63-00-06-00 വാടക, കരം, നികുതി എന്ന ശീർഷകത്തിൽ ഒരു വർഷത്തെ ചിലവുകൾക്കായി ആകെ 1,10,000/- രൂപ മാത്രമേ ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിട്ടുള്ളുവെന്നും ഈ തുകയിൽ നിന്നും 60,000/- രൂപ രണ്ട് മാസത്തെ വാടക ഇനത്തിൽ ചിലവായതായും ബാക്കിയുള്ള തുക ഈ സാമ്പത്തിക വർഷത്തിൽ തുടർന്നുള്ള മാസങ്ങളിൽ വാടക നൽകാൻ പര്യാപ്തമല്ലെന്നും അതിനാൽ "2015-00-101-63-00-06-00 വാടക, കരം, നികുതി" എന്ന ശീർഷകത്തിൽ 2,80,000/- രൂപ കൂടെ അനുവദിച്ച് ഉത്തരവുണ്ടാകണമെന്നും അതിനാൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണലിന്റെ 2024-25 സാമ്പത്തിക വർഷത്തിലേക്കുള്ള ബഡ്റ്റ് വിഹിതത്തിൽ താഴെ പറയുന്ന ശീർഷകങ്ങളിൽ അടിയന്തിരമായി അധിക തുക അനുവദിച്ചു നൽകണമെന്നും ട്രൈബ്യൂണൽ കാര്യാലയം സെക്രട്ടറി പരാമർശം (1) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

| ക്രമ നമ്പർ | അക്കൗണ്ട് ഹെഡ് | ബഡ്ജറ്റ് അലോക്കേഷൻ | ചെലവായ തുക | ബാക്കിയുള്ള തുക | അധികം ആവശ്യമുള്ള തുക |
|---|---|---|---|---|---|
| 1 | 2515-00-101-63-00-05-01-water charge | 1,000 | 760 | 240 | 5,000 |

| | | | | | |
|---|---|---|---|---|---|
| 2 | 2515-00-101-63-00-06-00 RRT | 1,10,000 | 60,000 | 50,000 | 2,80,000 |
| 3 | 2515-00-101-63-00-01-04 Medical Reimbursement | 6,000 | 1,500 | 4,500 | 2,00,000 |

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ കാര്യാലയത്തിന് 2024-25 സാമ്പത്തിക വർഷത്തിലേക്കുള്ള ബഡ്ജറ്റ് വിഹിതത്തിൽ അധികധനാനുമതിയായി അനുവദിച്ച 1,85,000/- രൂപ "2515-101-63-01-4-05-1-06 (NP)" എന്ന ശീർഷകത്തിൽ നിന്നും റിലീസ് ചെയ്യുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

3) അധികധനാനുമതിയായി അനുവദിച്ച് ടി തുകയുടെ ക്രമീകരണത്തിനുള്ള നടപടി ശീർഷകത്തിന്റെ ചുമതലയുള്ള കൺട്രോളിംഗ് ഓഫീസർ പരാമർശം (2) പ്രകാരം യഥാസമയം സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ കാര്യാലയം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഐ&പി.ആർ.ഡി. (വെബ് & ന്യൂ മീഡിയ)
ധനകാര്യ വകുപ്പ് (2888896/ഡെവ-2/206/2024-ധന)
കരുതൽ ഫയൽ / ഓഫീസ് കോപ്പി (IA2/113/2024/LSGD)

ഉത്തരവിൻ പ്രകാരം
Signed by
Vijitha M B
Date: 16-11-2024 15:53:58
സെക്ഷൻ ഓഫീസർ